DESPATCHED
7/3/22...

02-03-22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.1207(4)/21** */എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.7765/*എസ്.ഐ.സി-ജി2/2021* )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ
തിയതി: 02.03.2022

ശ്രീ. അജിത്കുമാർ.റ്റി.വി,
പഞ്ചവടി (അജിത് ഭവൻ),
പുന്തോപ്പ് വാർഡ്, അവലുക്കുന്ന്.പി.ഒ.,
ആലപ്പുഴ- 688 006.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സൂപ്രണ്ട്,
   ആലപ്പുഴ നഗരസഭ.

2. അപ്പീൽ അധികാരി &
   മുനിസിപ്പൽ എഞ്ചിനീയർ,
   ആലപ്പുഴ നഗരസഭ.

എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 29.03.2021 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, 23.03.2021 ൽ Inward No. 10383/2021 നമ്പരായി ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ സ്വീകരിച്ച പൊതുജന പരാതിയിന്മേൽ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഏഴ് ചോദ്യങ്ങൾ ചോദിച്ചിട്ട് കൃത്യമായ മറുപടിയൊന്നും ലഭിച്ചില്ലായെന്ന് ചൂണ്ടിക്കാട്ടിയാണ് ടിയാൻ 20.07.2021 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

ഇതുമായി ബന്ധപ്പെട്ട് 25.02.2022 ൽ കമ്മീഷൻ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

തന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും എതിർകക്ഷികൾ മറുപടി നൽകിയില്ലെന്നും, മറുപടി അയച്ചിട്ടുണ്ടെങ്കിൽ ആയത് ലഭിക്കാതെ

വരില്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. തനിക്ക് മറുപടി ലഭി[illegible]ക്കുന്നതിൽ സംശയങ്ങൾ ഉള്ളതായും, ആയതുകൊണ്ട്, ഇനി മറുപടി നേരിട്ട് ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെത്തി കൈപ്പറ്റാൻ തയ്യാറാണെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

അപ്പീൽ ഹർജിക്കാരന്റെ 29.03.2021 ലെ അപേക്ഷയ്ക്ക് 12.04.2021 ലും, 31.05.2021 ലെ ഒന്നാം അപ്പീലിന് 08.06.2021 ലും മറുപടി നൽകിയിട്ടുള്ളതാണെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. ടി മറുപടികളുടെ പകർപ്പുകളും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. അപ്പീൽ ഹർജിക്കാരന് ഇവ ഇനിയും ഓഫീസിൽ നേരിട്ടെത്തി വാങ്ങാവുന്നതാണെന്നും, ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. എതിർകക്ഷികൾ സമയബന്ധിതമായി അപേക്ഷകന് അയച്ചിട്ടുള്ള മറുപടികളുടെ പകർപ്പുകൾ കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ, മറുപടിയേ ലഭിച്ചിട്ടില്ലായെന്ന അപ്പീൽ ഹർജിക്കാരന്റെ വാദം ശരിയല്ല. ഇനി എതിർകക്ഷികൾ അയച്ച മറുപടി ടിയാന് കിട്ടിയിട്ടില്ലായെങ്കിൽ, ഈ ഉത്തരവ് കൈപ്പറ്റി പത്തു ദിവസത്തിനകം ടിയാന് ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെത്തി ടി മറുപടികൾ കൈപ്പറ്റാവുന്നതാണ്. അപ്പീൽ ഹർജിക്കാരൻ അങ്ങനെ എത്തുന്നപക്ഷം, ആയത് ടിയാന് പൂർണ്ണമായും സൗജന്യമായി ഒന്നാം എതിർകക്ഷി നൽകേണ്ടതാണ്. പരാതിയുമായി ബന്ധപ്പെട്ട് ശ്രീ.വി.ബി.ദേവദാസ്, ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറി മുമ്പാകെ നൽകിയ അപേക്ഷയുടെ പകർപ്പും ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരന് നേരത്തെ പറഞ്ഞ മറുപടിയ്ക്കൊപ്പം നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 02.03.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**




**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va